**കണ്ണൂർ സർവ്വകലാശാല**

**അക്കാദമിക് ഡി വിഭാഗം**

---

നമ്പർ. Acad.D4/college transfer/2024 തീയതി: 10.07.2025

**സർക്കുലർ**

വിഷയം:- മൂന്നാം സെമസ്റ്റർ FYUGP,FYIMP ഇൻസ്റ്റിറ്റിയൂഷൻ ട്രാൻസ്ഫർ -സംബന്ധിച്ച്

സൂചന :- ഇതേ ഫയലിലെ 10.07.2025 തിയതിയിലെ രജിസ്ട്രാറുടെ ഉത്തരവ്

മൂന്നാം സെമസ്റ്റർ FYUGP,FYIMP ഇൻസ്റ്റിറ്റിയൂഷൻ ട്രാൻസ്ഫറിനായി അപേക്ഷ സമർപ്പിച്ച വിദ്യാര് ഥികളുടെ, ട്രാൻസ്ഫർ നേടാൻ ആഗ്രഹിക്കുന്ന വിഷയത്തിൽ ഒന്ന്, രണ്ട് സെമസ്റ്ററുകളിൽ നേടിയ മാർക്കിൻറെ വെയിറ്റഡ് ഏവറേജ് കണക്കാക്കി തയാറാക്കിയ റാങ്ക് ലിസ്റ്റ് സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർഥികളോട് പ്രവേശനം ആഗ്രഹിക്കുന്ന സ്ഥാപനത്തിൽ 14.07.2025 (തിങ്കൾ) ന് രാവിലെ 10 മണിക്ക് ഹാജരാകുവാൻ നിർദേശം നൽകിയിട്ടുണ്ട് (ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപെട്ടിട്ടുണ്ടെങ്കിൽ നേരിട്ട് ഹാജരാകുന്നതിന് പകരം പ്രതിനിധിയെ അയക്കാവുന്നതാണ് ). കൂടാതെ പ്രവേശനം ഉറപ്പിച്ചതിന് ശേഷം മാത്രം നിലവിൽ പഠിച്ച് കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും വിടുതൽ വാങ്ങി ട്രാൻസ്ഫർ ലഭിച്ച കോളേജിൽ 15.07.2025 തിയതി വൈകിട്ട് 5 മണിക്കുള്ളിൽ അഡ്മിഷൻ നേടേണ്ടതാണ് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട് .

വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ പ്രിൻസിപ്പൽ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം ഓഫ് ലൈനായി പ്രവേശനം നൽകേണ്ടതാണ്. പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്നും കോളേജ് ട്രാൻസ്ഫർ ഫീ ആയ 420/- രൂപ ഓരോ വിദ്യാർത്ഥിയിൽ നിന്നും ഈടാക്കി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് സഹിതം റിപ്പോർട്ട് 16.07.2025 ന് തന്നെ സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

14.07.2025 ന് രാവിലെ 10 മണിക്ക് ട്രാൻസ്ഫർ ലഭിക്കേണ്ട കോളേജിൽ റിപ്പോർട്ട് ചെയ്യാത്തവരെ അഡ്മിഷനു വേണ്ടി പരിഗണിക്കേണ്ടതില്ല .

മേൽ നിർദ്ദേശിച്ച പ്രകാരം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ വേണ്ട നടപടികൾ കോളേജുകൾ സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു .

**ബിന്ദു കെ. പി. ജി**
ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാഡമിക്)
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാർ
വകുപ്പ് തലവന്മാർ